**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4710** **02-07-2024 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര ഇനത്തിലെ കുടിശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി, വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബില്ല് അടക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറയ്ക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.<br><br>പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്.<br><br>സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തിയിരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ "വാർ റൂമുകൾ" പ്രവർത്തിച്ചിരുന്നു.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്തു നൽകുന്നതിനു നടപടി സ്വീകരിക്കണമെന്നു തദ്ദേശ സ്വയം ഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ |

ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്തുകളും നൽകുന്നുണ്ട്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ചെലവ് കുറക്കാനും വരുമാനം വർദ്ധിപ്പിക്കാനും വേണ്ടി താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവഹിച്ചു വരുന്നു.

1. ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക വഴി ജല ചോർച്ച തടയുക.
3. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
4. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണം സംവിധാനം നിയന്ത്രിക്കുക.
5. പഴയതും ചോർച്ച ഉള്ളതുമായ സർവീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
6. എല്ലാ ഉണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.
7. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.
8. കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ് ചിലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. കുടിവെള്ള വിതരണേതര വരുമാന മാർഗങ്ങൾ കണ്ടെത്തി ആയതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക
10. വാട്ടർ ചാർജ്ജ് കളക്ഷൻ വർദ്ധിപ്പിക്കാൻ വേണ്ടി ഓൺലൈൻ പേയ്മെന്റ് സംവിധാനം വിപുലീകരിച്ചു.

ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവരെ 19.59 ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വാട്ടർ ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | വാട്ടർ അതോറിറ്റിക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ നല്കാനുള്ള കുടിശിക തുക യഥാസമയം പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി) | പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടയ്ക്കണം എന്ന് കാണിച്ചു എല്ലാ വകുപ്പ് മേധാവികൾക്കും കത്തു നൽകിയിട്ടുണ്ട്. |
| (സി) | വെള്ളക്കരം സമയബന്ധിതമായി അടയ്ക്കാത്ത വൻകിട ഉപഭോക്താക്കൾക്ക് എതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | നിശ്ചിത സമയപരിധിക്കുള്ളിൽ തുകയടയ്ക്കാത്തവരുടെ കണക്ഷൻ വിച്ഛേദിക്കുകയും പ്രീ-റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും ചെയ്യുന്നു. പ്രീ-റവന്യൂ റിക്കവറി നോട്ടീസ് കാലയളവ്പൂർത്തിയാകുന്നതിനു മുൻപ് തുക അടക്കാത്ത കണക്ഷനുകളിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനം കനത്ത ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ നിയമവിരുദ്ധമായ ജലചൂഷണവും വർദ്ധിച്ചുവരുന്ന ജലമോഷണവും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (ഡി) | ജലമോഷണം തടയുന്നതിനായുള്ള നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ആൻഡ് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡ് നിരന്തരമായി ഫീൽഡ് വിസിറ്റ് നടത്തുകയും മോട്ടോറുകൾ വിതരണ ശൃംഖലയിലേക്ക് നേരിട്ട് ഘടിപ്പിക്കുക വഴിയുള്ള ജലമോഷണം, വിതരണ ശൃംഖലയിൽ നിന്നും നേരിട്ട് നടത്തുന്ന മോഷണം, പൊതുടാപ്പുകളുടെ ദുരുപയോഗം, നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് എന്നീ പ്രവൃത്തികൾ കണ്ടെത്തുകയും, വാട്ടർ സപ്ലൈ & സീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്തു വരുന്നു.<br><br>മാത്രമല്ല വാട്ടർ കണക്ഷനുകളിലെയും, പൊതുടാപ്പുകളിലെയും ജല ദുരുപയോഗവും ജലമോഷണവും യഥാസമയം ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തുന്ന പൊതുജനങ്ങൾക്ക് പ്രോത്സാഹനമായി, അതോറിറ്റി പാരിതോഷികം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ദുരുപയോഗത്തിന് ചുമത്തുന്ന പിഴയുടെ 10% (പരമാവധി 5000 രൂപ) പാരിതോഷികമായി നൽകുന്നതാണ്. ഇത്തരം വിവരങ്ങൾ നൽകുന്നവരുടെ പേര് വിവരങ്ങൾ അതോറിറ്റി രഹസ്യമായി സൂക്ഷിക്കും. |
| (ഇ) | പൊതുടാപ്പുകൾ ശരിയായ രീതിയിൽ പരിപാലിക്കാത്തതുമൂലം ജലനഷ്ടം ഉണ്ടാകുന്നത് പരിഹരിച്ച് വാട്ടർ അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം | (ഇ) | പൊതുടാപ്പുകൾ ശരിയായ രീതിയിൽ പരിപാലിക്കാത്തതുമൂലം ജലനഷ്ടം ഉണ്ടാകുന്നത് പരിഹരിച്ച് വാട്ടർ അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനായി പൊതു ടാപ്പുകൾക്ക് മീറ്റർ |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ? | | വയ്ക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ചിലവിൽ മീറ്റർ വാങ്ങി വയ്ക്കുന്നതിനും എല്ലാ പൊതു ടാപ്പുകൾക്കും വാട്ടർ മീറ്റർ ഘടിപ്പിക്കാനും ജല ഉപയോഗം നിരീക്ഷിക്കാനും നിർദ്ദേശം നല്കിയിട്ടുണ്ട്. പൊതു ടാപ്പുകളുടെ എണ്ണത്തിൽ ഇപ്പോഴും തർക്കം നിലനിൽക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജലജീവൻ മിഷൻ വഴി എല്ലാ കുടുംബങ്ങൾക്കും വാട്ടർ കണക്ഷൻ നൽകിയ പ്രദേശങ്ങളിലെ ഉപയോഗരഹിതമായ പൊതു ടാപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യ പ്രകാരം വിച്ഛേദിച്ച് അത് വഴി ജലനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ